# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പി.ഒ തിരുവനന്തപുരം 695003

ഫോൺ. 0471 – 2314288 ഇ മെയിൽ. dcotdb@gmail.com

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ട എരുമേലി, പന്തളം വലിയ കോയിക്കൽ, അച്ചൻകോവിൽ, ആര്യങ്കാവ്, കുളത്തൂപ്പുഴ എന്നീ ദേവസ്വങ്ങളിലെ അരവണ പ്രസാദം നിറച്ച് നൽകുന്ന തിനാവശ്യമായ കോംപസിറ്റ് ക്യാൻ സപ്ലൈ ചെയ്യുവാൻ താൽപര്യമുള്ള കോൺട്രാക്ടർ/ഏജൻസികൾ എന്നിവരിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു.

## നിബന്ധന

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ട എരുമേലി, പന്തളം വലിയ കോയിക്കൽ, അച്ചൻകോവിൽ, ആര്യങ്കാവ്, കുളത്തൂപ്പുഴ എന്നീ ദേവസ്വങ്ങളിലെ അരവണ പ്രസാദം നിറച്ച് നൽകുന്നതിനാവശ്യമായ കോംപസിറ്റ് ക്യാൻ സപ്ലൈ ചെയ്യുവാൻ താൽപര്യമുള്ള കോൺട്രാക്ടർ/ഏജൻസികൾ എന്നിവരിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു.
2. അരവണ നിറയ്ക്കുന്നതിന് ആവശ്യമായ 250 എം.എൽ. എക്കോ ഫ്രണ്ട്ലി കോംപസിറ്റ് കാനുകൾ (ചുവട് വശം ടിൻ ഷീറ്റുകൊണ്ട് നിർമ്മിച്ചിരിക്കുന്നവ) (എണ്ണം 1 ന്) ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട തുക ആണ് ക്വോട്ട് ചെയ്യേണ്ടത്.
3. ഇ-ടെൻഡറുകൾ **18/10/2023 പകൽ 11.00** മണിയ്ക്ക് മുമ്പായി www.keralaetenders.gov.in മുഖേന സമർപ്പിക്കേണ്ടതാണ്. **ടെൻഡർ സംബന്ധിച്ച വിശദവിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വെബ് സൈറ്റായ www.Travancore devaswom board .org എന്ന സൈറ്റിൽ നിന്നും ലഭ്യമാണ്.**

4. ടെൻഡറിനൊപ്പം **1,25,000/-** രൂപ നിരതദ്രവ്യം, ടെൻഡർ ഫീസ് **500/-** രൂപ എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്
5. ടെൻഡർ **19.10.2023 പകൽ 11.00 മണിക്ക്** അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർആഫീസിൽ വച്ച് പരിശോധിക്കുന്നതാണ്.
6. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7. ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കണം സാധനങ്ങളുടെ സപ്ലൈ യുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നികുതി സർക്കാരിലേക്ക് നൽകേണ്ടതുള്ള പക്ഷം ആയത് കുത്തകക്കാരന്റെ പൂർണ്ണ ഉത്തരവാദിതത്തിലും ബാദ്ധ്യതയിലുമാകണം.
8. ടെൻഡർ നിരക്കുകൾ കൊല്ലവർഷം 1199-ലെ ഉത്സവങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.
9. ടെൻഡറിൽ പങ്കെടുത്ത ശേഷമോ കുത്തക അനുവദിച്ചതായിട്ടുള്ള രേഖമൂലമുള്ള അറിയിപ്പ് ലഭിച്ച ശേഷമോ ടെൻഡറിൽ നിന്നും പിന്മാറുന്നവരുടെ നിരതദ്രവ്യം ഡിപ്പാർട്ട്മെന്റിലേക്ക് കണ്ടുകെട്ടുന്നതാണ്.
10. ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.
11. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ച് ഏഴ് ദിവസങ്ങൾക്കകം പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുമായി ഉടമ്പടി വയ്ക്കുകയും മുറ പ്രകാരം ബാങ്ക് ഗ്യാരണ്ടി ഹാജരാക്കി ഐറ്റങ്ങൾ സപ്ളെ ചെയ്യേണ്ടതുമാണ്. അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരത ദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ ടെൻഡറുകാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.

12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും ബോർഡിൽ അവകാശമുള്ളതും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയാ യിരിക്കുന്നതുമാണ്.
13. ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
14. ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്/വ്യക്തിക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാണ്.
15. കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.
16. ആവശ്യമായ സാധനങ്ങൾ ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും രേഖാമൂലം നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അതത് ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതാണ്.
17. ടെൻഡർ നോട്ടിഫിക്കേഷനിൽ പരാമർശിക്കുന്ന സാധനങ്ങൾ ഭാഗികമാ യോ, പൂർണ്ണമായോ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരി ക്കുന്നതാണ്. ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥൻ കൈപ്പറ്റിയിട്ടുള്ള അള വിലെ സാധനങ്ങൾക്കുള്ള പേയ്മെന്റ് മാത്രമേ നൽകുകയുള്ളു.
18. ആകെ ആവശ്യമായ അളവിന്റെ 5 ശതമാനം എണ്ണം വേസ്റ്റേജ് ഇനത്തിൽ സൗജന്യമായി കുത്തകക്കാൻ സപ്ലൈ ചെയ്യേണ്ടതാണ്.

ആർ.ഒ.സി. 59/22/ശബ/എൻ.എസ്.-2

ദേവസ്വം കമ്മീഷണർ

06.10.2023

തിരുവിതാംകൂർ ദേവസ്വം ബോർഡ്

## കോംമ്പസിറ്റ് ക്യാനിന്റെ MATERIAL SPECIFICATION ചുവടെ ചേർക്കുന്നു.

## 250ml COMPOSITE CANS

- The cans should be eco-friendly, cylindrical in shape with Inner diameter 63mm and outer diameter 65.4mm. The can should have a height of 90mm so that it can hold 250 ml of Aravana Prasadam on filling and seaming. The cans are to be made from laminate of craft bounded aluminum foiliner. The inner part of the Can shall be free from plastic elements and be made of food grade articles having food safety certification. The Inner portion shall be DUST & OIL FREE and be made of articles having food safety certification.

- The cans shall be suitable for packing and storing of prepared food articles like Aravana for a longer period without causing health hazards.

- The cans should be affixed with multi colour label , the inscription on which shall be as per directions given by the Travancore Devaswom Board.

- The label should be of Chrome Art Paper. The bottom of the cans should be made up of Aluminum Compound(food grade), having minimum thickness of 0.24 mm.

# REQUIRED QUANTITY

| SL NO | NAME OF DEVASWOM | REQUIRED QUANTITY |
|---|---|---|
| 1 | ERUMELI | 7,00,000 |
| 2 | PANDALAM VALIYAKOYIKKAL | 2,50,000 |
| 2 | ACHANKOVIL | 40,000 |
| 3 | ARYANKAVU | 40.000 |
| 4 | KULATHUPUZHA | 50,000 |

ആർ.ഒ.സി. 59/22/ശബ/NS2
06.10.2023

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
നന്തൻകോട്
തിരുവനന്തപുരം 695 003.